# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.10. 2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഝാർഖണ്ഡിൽ. ദിയോഗറിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ രണ്ടാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.
   Vice President C. P. Radhakrishnan arrived Jharkhand. He will attend the second convocation ceremony of the All India Institute of Medical Sciences (AIIMS) in Deoghar.

2. ജന്തർ മന്തറിൽ സി.ജെ.പി നടത്താൻ നിശ്ചയിച്ചിരുന്ന പ്രതിഷേധ പരിപാടിക്ക് അനുമതി നിഷേധിച്ച് ഡൽഹി പോലീസ്.
   The Delhi Police has denied permission for the proposed protest by the CJP at Jantar Mantar in the national capital today, citing previous violations of guidelines and public safety concerns.

3. യുഎഇയിൽ ഡ്രോൺ ആക്രമണം നേരിട്ട ക്രൂഡ് ഓയിൽ ടാങ്കറിലുണ്ടായിരുന്ന 22 ഇന്ത്യൻ നാവികരും സുരക്ഷിതരെന്ന് കേന്ദ്ര സർക്കാർ.
   The Union Government says all 22 Indian crew members aboard the crude oil tanker that came under a drone attack in the UAE are safe.

4. റഷ്യൻ നിർമ്മിത ഡീസലിന്റെ വിൽപനയ്ക്കും ഇറക്കുമതിക്കുമുള്ള ഉപരോധം അടുത്തവർഷം ഏപ്രിൽ 7 വരെ നീക്കി അമേരിക്ക.
   US lifts sanctions on sale of Russian diesel in global markets until April next year amid unprecedented price surge.

5. തമിഴ്നാട്, മാഹി, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിൽ നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**The India Meteorological Department (IMD) has forecast heavy rainfall very over Keralam, Mahe, Tamil Nadu Puducherry and Karaikal today. Yellow alert issued in four districts of Keralam today.**

6. ഓസ്ട്രേലിയയിൽ നടക്കുന്ന 'വേൾഡ് ബൗൾസ് ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ്' മത്സരത്തിൽ ഇന്ത്യയ്ക്ക് ആദ്യ മെഡൽ.

**In Sports; Putul Sonowal assures country's first ever medal at World Bowls Champion of Champions.**

**&&&&&&&&&&&&&&&&&&&**

## VP-JHARKHARD VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഝാർഖണ്ഡിൽ എത്തി. ദിയോഗറിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ രണ്ടാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. BBMT ആശുപത്രിയിൽ നടക്കുന്ന 'സൈന്യ സമ്പർക്ക് മേള'യും ഉപരാഷ്ട്രപതി സന്ദർശിക്കും.

**&&&&&&&&&&&&&&&&&&&**

## DELHI POLICE – CJP PROTEST

ന്യൂഡൽഹിയിലെ ജന്തർ മന്തറിൽ സി.ജെ.പി നടത്താൻ നിശ്ചയിച്ചിരുന്ന പ്രതിഷേധ പരിപാടിക്ക് അനുമതി നിഷേധിച്ച് ഡൽഹി പോലീസ്. ജന്തർ മന്തറിൽ പ്രതിഷേധങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നതിന് കുറഞ്ഞത് 10 ദിവസം മുമ്പെങ്കിലും അപേക്ഷ നൽകേണ്ടതുണ്ടെന്നും പ്രദേശത്ത് നിരോധനാജ്ഞ നിലവിലുണ്ടെന്നും ഡൽഹി പോലീസ് ജോയിന്റ് കമ്മീഷണർ അറിയിച്ചു. സുരക്ഷ ചൂണ്ടിക്കാട്ടി 45 മെട്രോ സ്റ്റേഷനുകളിലെ ഗേറ്റുകൾ ഇന്ന് വൈകുന്നേരം 6 മണി വരെ അടച്ചിടുമെന്നും പോലീസ് വ്യക്തമാക്കി. രാജ്യതലസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

**JAISHANKAR-ETHIOPIAN PM (INTRO)**

ഇന്ത്യയും ആഫ്രിക്കൻ രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തണമെന്നും, സ്വയംപര്യാപ്തത വർധിപ്പിക്കണമെന്നും, വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. എത്യോപിയയിലെ അദിസ് അബാബയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര വിഷയങ്ങൾ സംബന്ധിച്ചുള്ള തീരുമാനങ്ങളിൽ ഇരുപക്ഷത്തിനും ന്യായമായ പ്രാതിനിധ്യം വേണമെന്നും വിദേശകാര്യ മന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&&

**SITHARAMAN-SINGAPORE PREZ-PM**

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ സിംഗപ്പൂർ പ്രസിഡന്റ് തർമ്മൻ ഷൺമുഖരത്നം, പ്രധാനമന്ത്രി ലോറൻസ് വോങ് എന്നിവരുമായി സിംഗപ്പൂരിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ആഗോള സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ചും നിക്ഷേപ സാധ്യതകളെക്കുറിച്ചും നേതാക്കൾക്കിടയിൽ ചർച്ച നടന്നതായി കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&

**SONOWAL-VESSEL ATTACK**

യുഎഇയിലെ ഷാർജ ആങ്കറേജിൽ നടന്ന ഡ്രോൺ ആക്രമണത്തെത്തുടർന്ന്, പനാമ പതാകയുള്ള ക്രൂഡ് ഓയിൽ ടാങ്കറിലുണ്ടായിരുന്ന 22 ഇന്ത്യൻ നാവികരും സുരക്ഷിതരാണെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ സ്ഥിരീകരിച്ചു. സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും, ഇന്ത്യൻ ജീവനക്കാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ കപ്പൽ മാനേജ്മെന്റ് കമ്പനിയുമായി അധികൃതർ ബന്ധപ്പെടുന്നുണ്ടെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## RAJNATH-NATIONAL SECURITY

സായുധ സേനയുടെ കരുത്തിൽ മാത്രം അധിഷ്ഠിതമല്ല ദേശ സുരക്ഷയെന്നും പ്രതിരോധ മേഖലയിലെ സ്വാശ്രയത്വവും നിർണായകമാണെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന സൊസൈറ്റി ഓഫ് ഇന്ത്യൻ ഡിഫൻസ് മാനുഫാക്ചറേഴ്സ് ചാമ്പ്യൻസ് അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉയർന്ന സാങ്കേതികവിദ്യയുള്ള സൈനിക ഉപകരണങ്ങൾ കയറ്റുമതി ചെയ്യുന്ന വിശ്വസ്ത രാജ്യമായി ഇന്ത്യ ഉയർന്നുവരുകയാണെന്നും ശ്രീ.രാജ്നാഥ് സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## SPECIAL CAMPAIGN 6.0-MIB

സർക്കാർ ഓഫീസുകളിലെ ശുചിത്വം മെച്ചപ്പെടുത്തുന്നതിനും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ കുറയ്ക്കുന്നതിനുമായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം പ്രത്യേക കാമ്പയിൻ 6.0 ആരംഭിച്ചു. മന്ത്രാലയത്തിന് കീഴിലുള്ള 610 ഓഫീസുകൾ പങ്കെടുക്കുന്നുണ്ട്. ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനും കാമ്പയിനിൽ ഊന്നൽ നൽകുന്നു.

&&&&&&&&&&&&&&&&&&&&

## WORLD MENTAL HEALTH DAY

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ മാറ്റി നിർത്തി, വിഷമതകൾ തുറന്നുപറയാൻ അന്തരീക്ഷമൊരുക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ജീവിതാനുഭവങ്ങൾ കേൾക്കാം: യഥാർത്ഥ ശബ്ദങ്ങൾ, യഥാർത്ഥ മാറ്റങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&&

## INDIA-PAK TERRORISM

ആണവായുധ ഭീഷണികൾക്ക് മുന്നിൽ മുട്ടുമടക്കില്ലെന്നും, ഏത് ഭീകരാക്രമണത്തിനും ഉചിതമായ മറുപടി നൽകുമെന്നും ഐക്യരാഷ്ട്രസഭയിൽ വ്യക്തമാക്കി ഇന്ത്യ. ന്യൂയോർക്കിൽ യുഎൻ പൊതുസഭയുടെ നിരായുധീകരണ സമിതി യോഗത്തിൽ,

ജനീവയിലെ യുഎൻ Disarmament കോൺഫറൻസ് ദൗത്യസംഘത്തിലെ ഇന്ത്യൻ പ്രതിനിധി അൻമോൾ ഷേർ ബേദി ആണ് ഇക്കാര്യം വ്യക്തമാക്കിയത്. ഭരണകൂട നയത്തിന്റെ ഭാഗമായി ആണവായുധങ്ങൾ ഉപയോഗിക്കരുതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

**&&&&&&&&&&&&&&&&&&&**

**LAKSHADWEEP – SMITHI**

ദേശീയ തലത്തിലും ലക്ഷദ്വീപിലും കേന്ദ്രസർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി ഗവൺമെന്റ് അഷ്വറൻസ് പാർലമെന്ററി കമ്മിറ്റി വിലയിരുത്തി. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് വിശദാംശങ്ങൾ ശേഖരിച്ചതായി കമ്മിറ്റി ചെയർമാനും മുസഫർനഗർ എം.പിയുമായ ഹരേന്ദ്ര സിംഗ് മാലിക് പറഞ്ഞു.

**&&&&&&&&&&&&&&&&&&&**

**KERALA ASSEMBLY**

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം മറ്റന്നാൾ ആരംഭിക്കും. ഒൻപതു ദിവസം സഭ സമ്മേളിക്കും. കോർട്ട് ഫീസ് ഭേദഗതി ബിൽ, മദ്രാസ് ഹിന്ദു റിലീജിയൻ ചാരിറ്റബിൾ എൻഡോവ്മെൻറ് ഭേദഗതി ബിൽ എന്നിവ അവതരിപ്പിക്കും. ഈ മാസം 29 ന് സമ്മേളനം അവസാനിക്കും.

**&&&&&&&&&&&&&&&&&&&**

**RAIN – KERALA**

കേരളത്തിൽ മഴ ശക്തിപ്രാപിക്കുന്നു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഇന്ന് അർധരാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

**&&&&&&&&&&&&&&&&&&&**

**IMD – WEATHER**

തമിഴ്നാട്, മാഹി, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആന്ധ്രാപ്രദേശ്, ജാർഖണ്ഡ്, ഒഡീഷ, പഞ്ചാബ്,

രാജസ്ഥാൻ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&

**PM –SEVA SANKKALP (INTRO)**

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. സെമികണ്ടക്ടർ നിർമ്മാണ മേഖലയിലെ രാജ്യത്തിന്റെ മുന്നേറ്റത്തെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. സെമികണ്ടക്ടർ നിർമ്മാണ രംഗത്ത് രാജ്യം ഇന്ന് ചിപ്പുകളുടെ ഉത്പാദനത്തിലും രൂപകൽപ്പനയിലും ആഗോളതലത്തിൽ ശ്രദ്ധേയമായ ചുവടുവെപ്പുകൾ നടത്തിക്കഴിഞ്ഞു. സെമികണ്ടക്ടർ വ്യവസായത്തിന് ഏറ്റവും അനുയോജ്യമായ കേന്ദ്രമായി മാറാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടിരുന്നു.

(വോയിസ്)

&&&&&&&&&&&&&&&&&&&

**PUTUL SONOWAL**

ഓസ്ട്രേലിയയിലെ ബർഹാമിൽ നടക്കുന്ന 'വേൾഡ് ബൗൾസ് ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ്' മത്സരത്തിൽ ഇന്ത്യയ്ക്ക് ആദ്യ മെഡൽ. ഇന്ത്യൻ താരം പുതുൽ സോനോവാൾ ആണ് ചരിത്ര നേട്ടം സ്വന്തമാക്കിയത്.

&&&&&&&&&&&&&&&&&&&

**ISL**

ഐ എസ് എല്ലിന് ഇന്ന് തുടക്കമാകും. ആദ്യ മത്സരത്തിൽ ബംഗളൂരു എഫ്സി, എസ്.സി ഡൽഹിയെ നേരിടും. വൈകുന്നേരം 5 മണിക്ക് ബംഗളരൂവിലാണ് മത്സരം.

&&&&&&&&&&&&&&&&&&&

**CRICKET**

ഇന്ത്യ- വെസ്റ്റിൻഡീസ് ടി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം നാളെ നടക്കും. വൈകുന്നേരം 7 മണിക്ക് ഇൻഡോറിലാണ്

മത്സരം. ഇന്നലെ റാഞ്ചിയിൽ നടന്ന രണ്ടാം മത്സരത്തിൽ ഇന്ത്യക്കെതിരെ വെസ്റ്റ് ഇൻഡീസ് 6 വിക്കറ്റിന് വിജയിച്ചിരുന്നു. ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകളും നിലവിൽ പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

&&&&&&&&&&&&&&&&&&&

**RUSSIAN DIESEL - US**

റഷ്യൻ നിർമ്മിത ഡീസലിന്റെ വിൽപ്പനയ്ക്കും ഇറക്കുമതിക്കുമുള്ള ഉപരോധം 2027 ഏപ്രിൽ 7 വരെ താൽക്കാലികമായി നീക്കി അമേരിക്ക. യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും തമ്മിൽ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം. ഈ നീക്കം ആഗോള സമ്പദ്‌വ്യവസ്ഥയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കുമെന്ന് റഷ്യൻ പ്രസിഡന്റ് പ്രതികരിച്ചു. ഊർജ്ജ വിതരണം, റഷ്യ - യുക്രൈൻ സംഘർഷം, ഇറാനിലെ സാഹചര്യം എന്നിവയും ഇരു നേതാക്കളും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&

**UAE-FLYDUBAI-INVESTIGATION**

ഫ്ലൈദുബായ് വിമാനത്തിൽ ഭീകരാക്രമണ ശ്രമം മുൻകൂട്ടി ആസൂത്രണം ചെയ്തതാണെന്ന് യു.എ.ഇ പ്രോസിക്യൂഷൻ. വിമാനം പിടിച്ചെടുത്ത് ടെൽ അവീവ് വിമാനത്താവളത്തിലെ യാത്രക്കാരുടെ ടെർമിനലിലേക്ക് ഇടിച്ചിറക്കി വൻ നാശനഷ്ടം വരുത്താനാണ് ഒമാനി സഹപൈലറ്റ് പദ്ധതിയിട്ടിരുന്നതെന്ന് യു.എ.ഇ അറ്റോർണി ജനറൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&

**US CONGRESS-MACHCHHAR**

അസാധാരണമായ ധീരതയ്ക്ക്, ഇന്ത്യൻ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചാറിനെ യുഎസ് കോൺഗ്രസ് അംഗം രാജ കൃഷ്ണമൂർത്തി ഔദ്യോഗിക രേഖയായ 'കോൺഗ്രഷണൽ റെക്കോർഡിൽ' ആദരിച്ചു. ദുബായിൽ നിന്ന് ടെൽ അവീവിലേക്കുള്ള വിമാനത്തിലെ യാത്രക്കാരുടെയും ജീവനക്കാരുടെയും ജീവൻ രക്ഷിക്കാൻ ക്യാപ്റ്റൻ മച്ചാറിന്റെ ധീരതയും സമയോചിതമായ ഇടപെടലും സഹായിച്ചുവെന്ന് കൃഷ്ണമൂർത്തി പ്രസ്താവനയിൽ പറഞ്ഞു. അതേസമയം, ക്യാപ്റ്റൻ മച്ചാറിന്റെ ധീരമായ

ഇടപെടലിനെ മാനിച്ച്, ഇസ്രായേലിന്റെ 'പ്രസിഡൻഷ്യൽ അവാർഡ് ഫോർ സിവിലിയൻ ഹീറോയിസം' നൽകുമെന്ന് ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗ് പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&

**ECI – FORM 7**

വ്യക്തിഗത വോട്ടർമാർ സമർപ്പിക്കുന്ന ഫോം 7 അപേക്ഷകൾക്ക് പരിധി നിശ്ചയിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. അവകാശവാദങ്ങളും എതിർപ്പുകളും ഉന്നയിക്കുന്ന കാലയളവിൽ പരമാവധി പത്ത് അപേക്ഷകളും, വോട്ടർപട്ടികയുടെ തുടർച്ചയായ പുതുക്കൽ പ്രക്രിയയിൽ പ്രതിമാസം അഞ്ച് അപേക്ഷകളും മാത്രമേ ഒരാൾക്ക് സമർപ്പിക്കാനാകൂ.

&&&&&&&&&&&&&&&&&&&

**SPECIAL ENROLMENT DRIVE**

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി സംസ്ഥാനത്ത് ഈ മാസം 15 മുതൽ 31 വരെ പ്രത്യേക യജ്ഞം നടത്തും. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിക്കും.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&&&